E1/7879/2021/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 13.10.2023

**പരിപത്രം**

വിഷയം:- കോ.വി.വ -എയ്ഡഡ് കോളേജ് ജീവനകാര്യം - ഭിന്നശേഷികാർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷ ഫീസ് ഈടാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. ജി.ഒ (എം.എസ്) 96/ 2021/hedn തിയ്യതി 15/ 02/ 2021
2. PWD ആക്ട് 2016
3. 08/08/2023 ലെ സംസ്ഥാന ഭിന്നശേഷി കമ്മീഷന്റെ OP(RPWD) No.14/S5/SM 2023 നമ്പർ ഉത്തരവ്.

*********

സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 07/02/1996 മുതൽ നിയമനത്തിന് സംവരണം നടപ്പിലാക്കിയിട്ടുണ്ട്. അപ്രകാരം സംവരണം നടപ്പിലാക്കുന്നതിന് എയ്ഡഡ് കോളേജുകളിൽ നിന്നും ഒഴിവുകളിൽ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഭിന്നശേഷികാരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ഫീസ് ഈടാക്കുന്നുണ്ട്. ഭിന്നശേഷി കമ്മീഷന്റെ സൂചന (3) ഉത്തരവ് പ്രകാരം ഭിന്നശേഷികാരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ഫീസ് ഈടാക്കുന്നത് ഗുരുതരമായ നിയമലംഘനം ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും സൂചന (3) ഉത്തരവിലെ ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ഒഴിവുകളിൽ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശത്തിന് വിരുദ്ധമായ രീതിയിൽ കോളേജ് മാനേജ്മന്റ് നിയമനം നടത്തിയതായി കണ്ടാൽ യാതൊരു സാഹചര്യത്തിലും അത്തരം നിയമനങ്ങൾ അംഗീകരിക്കുന്നതല്ല.

Approval Valid

Digitally Approved By
ഡോ. സുനിൽ ജോൺ.ജെ
Date: 13.10.2023
Reason: Approved

*ഒപ്പ്/-*
**ഡോ. സുനിൽ ജോൺ.ജെ**
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, കോ.വി.വ വകുപ്പ് - കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് (എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും അറിയിക്കുന്നതിനായി)
2. സൂപ്രണ്ട് ഡി, ഇ,എഫ് സെക്ഷൻ
3. ബന്ധപ്പെട്ട സെക്ഷനുകൾ
4. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)